# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.6136 04/07/2019 ൽ മറുപടിക്ക്

## പത്തനംതിട്ട വില്ലേജിലെ റീസർവെ

**ചോദ്യം**
**ശ്രീമതി.വീണാ ജോർജ്ജ്**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പത്തനംതിട്ട വില്ലേജിലെ റീസർവെ എന്തു കൊണ്ടാണ് വൈകുന്നതെന്ന് വിശദമാക്കാമോ; | (എ) | നിലവിൽ പത്തനംതിട്ട ജില്ലയിൽ റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിൽ ജോലി ചെയ്യുന്ന 77 സർവ്വെയർമാരിൽ പത്തനംതിട്ട വില്ലേജിന്റെ റീസർവ്വെ ജോലികൾ നിർവ്വഹിക്കുന്നത് 22 സർവ്വെയർമാരാണ്. ബാക്കിയുള്ള ജീവനക്കാരെ താലൂക്കിലെ എൽ.ആർ.എം. ജോലികൾക്കും കൂടാതെ ശബരിമല സ്പെഷ്യൽ സർവ്വെ, പവർഗ്രിഡ്, ആലപ്പുഴ എൽ.എ.എൻ.എച്ച്, വഖഫ് ബോർഡ്, ഇൻഡസ്ട്രിയൽ വകുപ്പ് എന്നിവിടങ്ങളിലെ സർവ്വെ ജോലികൾക്കുമായി നിയോഗിച്ചിരിക്കുകയാണ്. ഇപ്രകാരം റീസർവ്വെ ജോലികൾക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരെ അടിയന്തര പ്രാധാന്യമുള്ള മറ്റ് സർവ്വെ ജോലികൾക്കായി നിയോഗിക്കുന്നത് കാരണമാണ് ടി വില്ലേജിന്റെ റീസർവ്വെ വൈകുന്നത്. |
| (ബി) | റീസർവെയുടെ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | പത്തനംതിട്ട വില്ലേജിന്റെ ആകെ വിസ്തൃതി 2271.31 ഹെക്ടറാണ്. റീസർവ്വെയുടെ പ്രാരംഭ ജോലിയായ ലൊക്കേഷൻ സർവ്വെ അവസാനഘട്ടത്തിലാണ്. |
| (സി) | റീസർവെ എന്ന് ആരംഭിക്കുമെന്നും എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (സി) | പത്തനംതിട്ട വില്ലേജിന്റെ റീസർവ്വെ ജോലികൾ 01/01/2017 ന് ആരംഭിച്ചിട്ടുണ്ട്. റീസർവ്വേയ്ക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരെ അടിയന്തിര പ്രാധാന്യമുള്ള മറ്റു സർവ്വെ ജോലികൾക്കും നിയോഗിക്കുന്നതിനാൽ |

| | | | |
|---|---|---|---|
| | | | പത്തനംതിട്ട വില്ലേജിന്റെ റീസർവ്വെ ജോലികൾ എന്ന് പൂർത്തികരിക്കാൻ കഴിയുമെന്ന് മുൻകൂട്ടി നിശ്ചയിക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത് എന്നിരുന്നാലും നിലവിലുള്ള ജീവനക്കാരെ വിനിയോഗിച്ച സമയബന്ധിതമായി റീസർവ്വെ പൂർത്തിയാക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ